Syro Malabar Commission for Liturgy



## നോമ്പ് നാലാം തിങ്കൾ – യോഹ 5: 1–18

ബേത്സയിദായിലെ തളർവാതരോഗിയുടെ രോഗശാന്തിയെക്കുറിച്ചാണ് സുവിശേഷഭാഗം പ്രതിപാദിക്കുന്നത്. രണ്ടു കാര്യങ്ങളാണ് ഈശോ തളർവാതരോഗിയോടു കല്പിക്കുന്നത്. ഒന്നാമതായി, കിടക്കയുമെടുത്ത് പോവുക. ഇത്രയുംനാൾ കിടക്കയാണ് അവനെ വഹിച്ചിരുന്നെങ്കിൽ ഈശോ സൗഖ്യം നല്കിയവൻ കിടക്കയും വഹിച്ച് തിരികെപോവുകയാണ്. കിടക്ക വഹിക്കൽ അവന്റെ ആരോഗ്യത്തിന്റെയും രോഗസൗഖ്യത്തിന്റെയും ചിഹ്നമായി പരിണമിക്കുന്നു. രണ്ടാമതായി, മേലിൽ പാപം ചെയ്യരുത്. മേലിൽ പാപം ചെയ്യരുത് എന്നതിനർത്ഥം ശാരീരികസൗഖ്യം മാത്രമല്ല പാപമോചനവും അവന് ഈശോ നല്കിയെന്നാണ്. ശാരീരികരോഗംപോലെ തന്നെ ഗൗരവമേറിയതാണ് ആത്മീയരോഗമായ പാപവും. പാപമോചനവും രോഗസൗഖ്യവും അവനെ പുതുജീവനിലേക്ക് നയിക്കുന്നു. നോമ്പുകാലമെന്നത് ശാരീരികവും ആത്മീയവുമായ രോഗങ്ങളിൽനിന്നും തളർച്ചകളിൽനിന്നും സൗഖ്യം പ്രാപിക്കാനുള്ള അവസരമാണ്

ആരാധനക്രമകമ്മീഷൻ

മൗണ്ട് സെന്റ് തോമസ്,കാക്കനാട് ReadMore:www.syromalabarliturgy.org